(ഡി) എങ്കിൽ റിപ്പോർട്ട് എന്നാണ് ആവശ്യപ്പെട്ടിരുന്നതെന്നും, അവരുടെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്നും വെളിപ്പെടുത്തുമോ;

(ഇ) ഇതിൻമേൽ അടിയന്തിരമായി തീരുമാനമെടുക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ-ഇ) സംസ്ഥാനത്തെ വിവിധ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കിടയിൽ പുരോഗതിയിലുണ്ടാകുന്ന അസന്തുലിതാവസ്ഥയെപ്പറ്റിയും അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റിയും വിശദമായ ഒരു വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ കിർത്താഡ്സ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിൽ 1991-ലെ കാനേഷുമാരി പ്രകാരം സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സ്ഥിതി വിവരക്കണക്കുകൾ ആവശ്യമുണ്ട്. ഈ റിപ്പോർട്ട് സെൻസസ് വകുപ്പു പ്രസിദ്ധീകരിച്ചിട്ടില്ല. കിർത്താഡ്സിന്റെ റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വിദ്യാർത്ഥികൾക്കെതിരെ ലാത്തിച്ചാർജ്ജ്

26 (28)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ ബസ്സ്ചാർജ്ജ് വർദ്ധിപ്പിച്ചതിനെതിരെ സമരം ചെയ്ത വിദ്യാർത്ഥികളെ സെക്രട്ടേറിയറ്റ് നടയിൽ വച്ച് 1999 ഒക്ടോബർ 26-ാം തീയതി പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായോ;

(ബി) ഈ ലാത്തിച്ചാർജ്ജിൽ എത്ര വിദ്യാർത്ഥികൾക്ക് പരിക്കു പറ്റി;

(സി) പരിക്കു പറ്റിയവർ എത്ര ദിവസത്തെ ചികിൽസക്ക് വിധേയരായി;

(ഡി) 1999 ഒക്ടോബർ 27-ന് തിരുവനന്തപുരം ഡി.സി.സി. ഓഫീസിനു മുമ്പിൽ വച്ച് ബസ്സ്ചാർജ്ജ് വർദ്ധനയിൽ പ്രതിഷേധിച്ച വിദ്യാർത്ഥികളെ പോലീസ് കല്ലെറിഞ്ഞുവോ;

(ഇ) പോലീസിന്റെ കല്ലേറിൽ എത്ര വിദ്യാർത്ഥികൾക്ക് പരിക്കേറ്റു;

(എഫ്) ഡി.സി.സി. ഓഫീസിന് എന്തെല്ലാം കേടുപാടുകൾ പറ്റി?

ഉത്തരം

(എ)-(എഫ്) പ്രകടനം നടത്തിയ കെ.എസ്.യു. പ്രവർത്തകർ അക്രമാസക്തരായി പോലീസിനെ ആക്രമിക്കുകയും പൊതുമുതലുകൾക്ക് കല്ലെറിഞ്ഞ് കേടുപാടുകൾ വരുത്തുകയും ചെയ്തപ്പോൾ പോലീസ് അവരെ വിരട്ടി ഓടിക്കുകയാണുണ്ടായത്. ഇതിൽ 15 പേർക്ക് പരിക്കു പറ്റിയിട്ടുണ്ട്. തിരുവനന്തപുരം ഡി.സി.സി. ഓഫീസിലും പരിസരത്തും കേന്ദ്രീകരിച്ച കെ.എസ്.യു. പ്രവർത്തകർ പോലീസിനെ കല്ലെറിയുകയും സർക്കാർ ഉടമസ്ഥതയിലുള്ള ഒരു മോട്ടോർ സൈക്കിൾ കത്തിക്കുകയും ചെയ്തു. പോലീസ് കല്ലെറിഞ്ഞതായോ ആർക്കെങ്കിലും പരിക്കു പറ്റിയതായോ ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly